(ഡി) ഇവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ;

(ഇ) സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെടുന്നവർക്ക് ഏതു നിലപ്രകാരമുള്ള സബ്സിസ്റ്റൻസ് അലവൻസാണ് നൽകാറുള്ളത്;

(എഫ്)കോർപ്പറേഷനിലെ ഗോപിനാഥൻ ആശാരി എന്ന ജീവനക്കാരൻ സസ്പെന്റ് ചെയ്യപ്പെടുമ്പോൾ ആറുമാസത്തിനുശേഷം ഏത് നിരക്കിലാണ് സബ്സിസ്റ്റൻസ് അലവൻസ് നൽകിയിരുന്നത്;

(ജി) അത് ഏത് നിയമ വ്യവസ്ഥ അനുസരിച്ചായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ രൂപീകരിച്ചത് 1956-ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരമാണ്.

(ബി) കോർപ്പറേഷൻ ജീവനക്കാർക്കു പ്രത്യേകമായി സേവന വേതന വ്യവസ്ഥകൾ തയ്യാറാക്കിയിട്ടില്ല. 10.9.84-ൽ ചേർന്ന ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം റിട്ടയർമെന്റ് വയസ്സ്, പെൻഷൻ എന്നിവ ഒഴിച്ച്, സേവനചട്ടങ്ങളായി സംസ്ഥാന ജീവനക്കാർക്ക് ബാധകമായ കേരളാ സർവ്വീസ് റൂൾസ് സിവിൽ സർവ്വീസസ് (തരാതരം, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് എന്നിവ അംഗീകരിച്ചിട്ടുണ്ട്.

(സി) പെൻഷൻ പ്രായം, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവയൊഴിച്ച് കെ.എസ്.ആർ.പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് ജീവനക്കാർ അർഹരാണ്.

(ഡി) ജീവനക്കാർക്ക് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾ നൽകിവരുന്നു.

(ഇ) സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെടുന്ന കോർപ്പറേഷൻ ജീവനക്കാർക്ക് കെ.എസ്.ആർ.പാർട്ട് 1 റൂൾ 55 പ്രകാരമുള്ള സബ്സിസ്റ്റൻസ് അലവൻസാണ് നൽകാറുള്ളത്.

(എഫ്)&(ജി) ഗുരുതരമായ സ്വഭാവദൂഷ്യത്തിന് സസ്പെന്റ് ചെയ്യപ്പെട്ട കോർപ്പറേഷനിലെ ഗോപിനാഥൻ ആശാരിയെ 7.8.95 മുതൽ 29.12.96 വരെ സർവ്വീസിന് പുറത്ത് നിറുത്തിയിരുന്നു. പ്രസ്തുത കാലയളവിൽ ആദ്യത്തെ മൂന്നുമാസത്തോളം അർദ്ധവേതന അവധിക്ക് തുല്യമായ തുകയും അടുത്ത മൂന്നുമാസം ശമ്പളത്തിന്റെ 75% തുടർന്നുള്ള രണ്ട് മാസം മുഴുവൻ ശമ്പളവും ജീവനബത്തയായി അനുവദിച്ചിരുന്നു. ദി കേരളാ പേമെന്റ് ഓഫ് സബ്സിസ്റ്റന്റ് അലവൻസ് ആക്ട് കോർപ്പറേഷനും ബാധകമാണെന്ന തെറ്റായ ധാരണമൂലമാണ് ഇങ്ങനെ ചെയ്തത്. തെറ്റ് മനസ്സിലാക്കി കേരളാ സർവ്വീസ് റൂളുകൾപ്രകാരമുള്ള ജീവനബത്ത 1.4.96 മുതൽ 29.12.96 വരെ നൽകിയിട്ടുണ്ട്.

സ്വതന്ത്ര സുവർണ്ണജൂബിലി പ്രമാണിച്ചുള്ള ധനസഹായം

56 (2112)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് ഒരു പെൺകുട്ടി മാത്രമുള്ള കുടുംബത്തിലെ പെൺകുട്ടികൾക്കായി 10,000 രൂപ ഗ്രാന്റ് അനുവദിക്കുന്നതിനായി പൊതുജനങ്ങളിൽ നിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിൽ നിന്ന് ഇപ്രകാരം അപേക്ഷ ലഭിച്ചിട്ടുണ്ട്;

(സി) ഈ അപേക്ഷയുടെ അടിസ്ഥാനത്തിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്;

(ഡി) ഈ ഇനത്തിലേക്കായി കേന്ദ്ര സർക്കാർ എന്തെങ്കിലും ഫണ്ട് അനുവദിച്ചിട്ടുണ്ടോ?

ഉത്തരം

(എ)മുതൽ(ഡി)വരെ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി പ്രമാണിച്ച് ഒരു പെൺകുട്ടി മാത്രമുള്ള കുടുംബത്തിന് 10,000/-രൂപ ഗ്രാന്റ് നൽകുന്ന ഒരു പദ്ധതി സാമൂഹ്യക്ഷേമവകുപ്പു വഴി നടത്തുന്നില്ല.

എന്നാൽ 1997- ലെ 50-ാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി പ്രഖ്യാപിച്ച 'ബാലിക സമൃദ്ധിയോജന' എന്ന പേരിലുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് ദാരിദ്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിൽപ്പെട്ടതും 1997 ആഗസ്റ്റ് 15-ന് ശേഷം ജനിച്ചതുമായ പെൺകുഞ്ഞുങ്ങളുടെ അമ്മമാർക്ക് പ്രസവാനന്തര സഹായമായി 500 രൂപ ഗ്രാന്റായി നൽകുന്നു. ഒരു കുടുംബത്തിലെ രണ്ടു പെൺകുട്ടികളുടെ ജനനത്തിനു മാത്രമേ ഗ്രാന്റിനർഹതയുള്ളു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

റീസർവ്വേ പൂർത്തിയാക്കാൻ നടപടി

57 (2113)ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ ജോലികൾ പൂർത്തിയാക്കി റവന്യൂ ഡിപ്പാർട്ടുമെന്റിന് റെക്കാർഡുകൾ കൈമാറുന്നതിന് എന്നത്തേക്കു സാധിക്കും;

(ബി) ഏതെല്ലാം ജില്ലകളിൽ റീസർവ്വേ പൂർത്തിയാക്കി റെക്കാർഡുകൾ റവന്യൂ വകുപ്പിന് നൽകാൻ കഴിഞ്ഞു;

(സി) എല്ലാ ജില്ലകളിലും റീസർവ്വേ പൂർത്തീകരിക്കുന്നതിന് വേണ്ടത്ര സ്റ്റാഫിനെ നിയോഗിക്കുമോ?

ഉത്തരം

(എ) ടോട്ടൽ സ്റ്റേഷൻ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി റീസർവ്വേ ജോലികൾ പൂർത്തിയാക്കി റെക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതാണ്. എന്നത്തേയ്ക്ക് കൈമാറാൻ സാധിക്കുമെന്ന് കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly